# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല

## 52-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ് പാർട്ട്- 2

**തീയ്യതി : 13 മാർച്ച് 2026, സമയം : ഉച്ചയ്ക്ക് 2.00 മണി**

വേദി:, കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.–ബി1/457/2026)

ഹാജരായ അംഗങ്ങൾ:

1. ഡോ. അനിൽ. കെ.എസ്., വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അധ്യക്ഷൻ
2. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)
3. ഡോ. ദിനേശ്. പി.ടി. (തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)
4. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട അധ്യാപക വിഭാഗം പ്രതിനിധി)
5. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട അനധ്യാപക വിഭാഗം പ്രതിനിധി)
6. ശ്രീ. സുധീഷ്. പി.എസ്. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
7. ശ്രീ. അഭിറാം. പി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥി പ്രതിനിധി)
8. ഡോ.സാനിസ് ജൂലിയറ്റ്. (ബഹു. ചാൻസലറുടെ പ്രതിനിധി)
9. ഡോ.ദിനേശ് സി എൻ. (ബഹു. ചാൻസലറുടെ പ്രതിനിധി)
10. ശ്രീ. ഷാജു.കെ കെ. (ബഹു. ചാൻസലറുടെ പ്രതിനിധി)
11. ഡോ.അല്ലി. കെ. (ഫാക്കൽറ്റി ഡീൻ (ഇൻ-ചാർജ്ജ്)) (വെറ്ററിനറി).
12. ശ്രീ. ബിജു. റ്റി. ജി, ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർ (എംപ്ലോയ്മെൻറ് ഡയറക്ടറുടെ പ്രതിനിധി)
13. ശ്രീമതി. ഫെമി വി. മാത്യു, (ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
14. ഡോ. രാജീവ്. ടി.എസ്., രജിസ്ട്രാർ (ഇൻ-ചാർജ്ജ്) - മെമ്പർ സെക്രട്ടറി

യോഗം 2.15 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

1.4

അടിയന്തര പ്രമേയം ഉണ്ടെങ്കിൽ, ആയത്.

**അടിയന്തര പ്രമേയം (1) - ശ്രീ. സുധീഷ് പി എസ്. ഉന്നയിച്ച പ്രമേയം.**

മണ്ണുത്തി ക്യാമ്പസിൽ തൊഴിലാളികൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി CITU തൊഴിലാളി സംഘടന (മണ്ണുത്തി യൂണിറ്റ്) സർവ്വകലാശാലയ്ക്ക് സമരനോട്ടീസ് നൽകിയതിന്റെ ഒരു കോപ്പി മാനേജ്മെന്റ് കൗൺസിൽ മെമ്പർ എന്ന നിലയ്ക്ക് എനിക്കും ലഭിക്കുകയുണ്ടായി. ടി. കത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. നേരത്തെ വിഷയങ്ങളെ കുറിച്ച് മാനേജ്മെന്റ് കൗൺസിലിൽ ഞാൻ അവതരിപ്പിച്ചപ്പോൾ ആ സ്റ്റേഷനുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് പരിഹരിക്കണമെന്നാണ് ബഹു: വൈസ് ചാൻസിലർ അറിയിച്ചത്. നിലവിൽ തൊഴിലാളികളുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഫാമുകളിൽ ഒഴിഞ്ഞു കിടക്കുന്ന വാക്കൻസികളും, റിട്ടയർമെന്റ് ഒഴിവുകളിലും, ലീവ് വാക്കൻസികളിലും സ്ഥിരം തൊഴിലാളികളെ നിയമിക്കാത്തതും അവരെ വളരെയധികം അസ്വസ്ഥരാക്കിയിട്ടുണ്ട്. മാത്രമല്ല, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ അനാവശ്യമായി തുടരുന്നതും സ്ഥിരം തൊഴിലാളികളുടെ അവസരങ്ങൾ നിഷേധിക്കുന്നു. ആയതിനാൽ എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾ ഒഴിവാക്കേണ്ടതാണ്. മാത്രമല്ല, ഈ നിയമനങ്ങൾ

**തീരുമാനം:**. മണ്ണുത്തി ക്യാമ്പസിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച തൊഴിലാളികൾക്ക് പകരം ULF & FRDS -ൽ നിന്നും സ്ഥിരം തൊഴിലാളികളെ മാറ്റി നിയമിക്കുന്നതിന് തീരുമാനിച്ചു.
നടപടി: രജിസ്ട്രാർ

3.1

കെ.വി.എ.എസ്.യു/ജിഎ/എ3/15013/2018

പൊതുഭരണം - സർവ്വകലാശാലയിലെ ഫാം അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നത് – സംബന്ധിച്ച്.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| തീരുമാനം | By Direct Recruitment യോഗ്യതയിൽ (ii) Diploma in feed Technology, Diploma in Livestock Production Management എന്നിവയും, from any recognised institution approved by the Government എന്നും കൂട്ടിച്ചേർത്തു. Internal selection note 2 വിൽ first batch ന് പകരം on going batch എന്നാക്കി മാറ്റിക്കൊണ്ടും ഭേദഗതി പ്രൊപ്പോസൽ അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.3 | KVASU/GA/LO/1495/2023<br>കെ.വി.എ.എസ്.യു. - പൊതുഭരണം - തൊഴിലാളി വിഭാഗം - സർവകലാശാലയുടെ കീഴിലുള്ള വയനാട് ജില്ലയിലെ പൂക്കോട് സ്റ്റേഷൻ, ഇടുക്കി ജില്ലയിലെ കോലാഹലമേട് സ്റ്റേഷൻ എന്നീ തണുപ്പ് കൂടിയ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ഥിരം ഫാം തൊഴിലാളികൾക്ക് രണ്ടു വർഷത്തിലൊരിക്കൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ കമ്പിളി അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് :- |
| തീരുമാനം | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 7 | അനൗദ്യോഗിക പ്രമേയങ്ങൾ:<br>**ശ്രീ. സുധീഷ്. പി. എസ്, ഉന്നയിച്ച പ്രമേയങ്ങൾ:**<br>പ്രമേയം (2):<br>2, ക്ലാസ് IV, പമ്പ് ഓപ്പറേറ്റർ തസ്തികകളിലേക്ക് ആഭ്യന്തര നിയമനത്തിന് അർഹതയുള്ളവർക്ക് നിയമനം ലഭിക്കാതെ അനശ്ചിതമായ നീണ്ടു പോകുകയാണ്. വളരെ കുറഞ്ഞ കാലം മാത്രം സർവീസ് അവശേഷിക്കുന്ന തൊഴിലാളികൾ പലരും മാരകമായ രോഗങ്ങൾ അലട്ടുന്നവരും വാർദ്ധക്യസഹജമായ പ്രശ്നങ്ങൾ നേരിടുന്നവരും ആണ്. പലതവണ ഞാൻ മാനേജ്മെന്റ് കൗൺസിൽ ഈ ആവശ്യം ഉന്നയിച്ചപ്പോഴും നിലവിലെ ചില വിഷയങ്ങൾ പരിശോധിച്ചു നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കാം എന്നാണ് അറിയിച്ചിരുന്നത്. സർവകലാശാലയ്ക്ക് വേണ്ടി ഇക്കാലമത്രയും സേവനമനുഷ്ഠിച്ച തൊഴിലാളികളുടെ ഏറ്റവും വലിയ സ്വപ്നവും കൂടിയാണ് സർവീസിൽ നിന്നും വിരമിക്കുന്നതിന് മുമ്പ് ജീവനക്കാരനായി മാറുക എന്നത്. വെല്ലുവിളികളും സാമ്പത്തിക ബാധ്യതകളും നിറഞ്ഞ നിരവധി വിഷയങ്ങളെ അതിജീവിച്ച് മുന്നോട്ടുപോകുന്ന നമ്മുടെ സർവകലാശാലയ്ക്ക് വലിയ ബാധ്യതകൾ വരുത്തി വയ്ക്കാത്ത ഈ കാര്യത്തിൽ ഉചിതമായ തീരുമാനം എടുത്തുകൊണ്ട് അർഹരായവർക്കു നിയമനം നടത്തണമെന്ന് ഈ യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**

**റിമാർക്സ് (2):**. ക്ലാസ് IV തസ്തികയിൽ സർവകലാശാലയിൽ അകെ 114 തസ്തികകളാണുള്ളത് . ആയതിൽ നേരിട്ടുള്ള നിയമനവും , ആഭ്യന്തര നിയമനവും തമ്മിലുള്ള അനുപാതം 1:1 ആണ്. 20.03.2025 തീയ്യതിയിലെ സ.ഉ (അച്ചടി)നം.28/2025/ധന., 25.03.2025 തീയ്യതിയിലെ സ.ഉ (അച്ചടി)നം.34/2025/ധന. ഉത്തരവുകൾ പ്രകാരം ഇ-ഓഫീസ് നിലവിലുള്ള ഓഫീസുകളിലെ ക്ലാസ് IV തസ്തികകൾ മറ്റ ആവിശ്യ തസ്തികകളായി പുനഃക്രമീകരിക്കുവാൻ നിർദ്ദേശമുണ്ട്. മേൽ നിർദ്ദേശപ്രകാരം നേരിട്ടുള്ള നിയമനത്തിനായി പി എസ് സി യ്ക്ക് റിപ്പോർട് ചെയ്ത 53 ക്ലാസ് IV തസ്തികകളിൽ 12 തസ്തികകൾ പുനഃക്രമീകരിച് 10 ഹോസ്റ്റൽ അറ്റെന്റന്റ് / മേട്രൺ തസ്തികകളാക്കുന്നതിനുള്ള പ്രൊപോസൽ സർക്കാരിന്റെ പരിഗണനയിലാണ് ഉള്ളത്.സർക്കാർ ആവശ്യപ്പെട്ട പ്രകാരം ടി തസ്തിക ക്രമീകരണത്തിന്റെ വിശദമായ financial comperative statement സർക്കാരിലേക്കയച്ച നൽകിയിട്ടുണ്ട്.ടി പ്രൊപ്പോസലിന് സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ക്ലാസ് IV ആഭ്യന്തര നിയമനം നടത്തുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നതാണ് .എന്നാൽ ക്ലാസ് III/ക്ലാസ് IV തസ്തികകളിലെ 3 ജീവനക്കാർക്ക് ഫാം അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് നിയമനം നൽകിയത് മൂലം ക്ലാസ് IV തസ്തികയിൽ വന്ന 3 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതാണ്.

പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്ക് നിയമന നടപടികൾ കോടതി സ്റ്റേ ചെയ്തിട്ടില്ലെങ്കിലും,നിയമനങ്ങൾ വിധിന്യായത്തിന് വിധേയമായിരിക്കും എന്നതിനാൽ മേൽ വിഷയത്തിൽ നിയമന നടപടികൾ തുടരുന്നത് സംബന്ധിച്ച ആവശ്യമായ വ്യക്തത വരുത്തുന്നതിനായി സ്റ്റാന്റിംഗ് കൗൺസിലിന് കത്ത് അയച്ചിട്ടുണ്ട്.ആയതിന്റെ മറുപടി വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തീരുമാനം:** നല്കിയ റിമാർക്സ് അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

| | |
|---|---|
| | പ്രമേയം (3):<br><br>3, തൊഴിലാളികളുടെ യൂണിഫോം അലവൻസും, ഡിഎ കുടിശ്ശികയും , ലീവ് സറണ്ടറും അനുവദിക്കണമെന്ന് ഈ യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br>**റിമാർക്സ് (3):** നിലവിൽ സർവകലാശാലക്ക് പ്രതിമാസം സർക്കാർ അനുവദിക്കുന്ന ധനസഹായത്തിൽ നിന്നും (9 കോടി) അതത് മാസത്തെ ശമ്പളവും മറ്റ അടിയന്തര ആവശ്യങ്ങളും മാത്രമേ നടത്താൻ സാധിക്കുന്നുള്ളൂ. മാത്രമല്ല, നിലവിൽ ഡി എ വർധിപ്പിച്ചതിനാൽ ടി തുകയും മതിയാവാത്ത ഒരു സാഹചര്യം നിലവിലുണ്ട്. ആയതു കൊണ്ട് തന്നെ എല്ലാ വിഭാഗം ജീവനക്കാരുടെയും എല്ലാ വിധ കുടിശ്ശികകളും മാറ്റിവെച്ചിട്ടാണ് നിലവിൽ സർവകലാശാല മുന്നോട്ട പോകുന്നത്. സർക്കാരിൽ നിന്നും അധിക ധനസഹായം ലഭിക്കുന്ന മുറക്ക് മാത്രമേ ആർജിതാവധി സറണ്ടർ ,ഡി.എ കുടിശ്ശികകൾ, മറ്റ അലവൻസുകൾ എന്നിവ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.<br><br>മേൽ കുടിശ്ശികകൾ വിതരണം ചെയ്യുന്നതിനായി സർക്കാരിൽ നിന്നും ആവശ്യമായ പണം (ONE TIME GRANT) ലഭ്യമാക്കുന്നതിനു ഭരണസമിതി തല ഇടപെടലുകൾ ആവശ്യമാണ്.<br>**തീരുമാനം:** നല്കിയ റിമാർക്സ് അംഗീകരിച്ചു. യൂണിഫോം അലവൻസ് നൽകുന്നത് പരിശോധിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ*<br>-----------------------------------<br>പ്രമേയം (7):<br><br>പി ജി റിസർച്ച് ഗ്രാൻഡ് വർധനയുമായി ബന്ധപ്പെട്ട്<br><br>കാലങ്ങളായി പി ജി റിസർച്ച് ഫണ്ട് ലഭിക്കുന്നത് 25000 രൂപയാണ്. ഒരു റിസർച്ച് പോലും ഈ തുകയ്ക്കുള്ളിൽ ചെയ്തു തീർക്കാൻ പറ്റാത്ത സാഹചര്യം ആണ് നിലവിൽ ഉള്ളത്. പലപ്പോഴും റിസർച്ച് വർക്ക് ചെയ്തു തീർക്കാൻ ഭീമമായ തുകയാണ് വിദ്യാർത്ഥികൾ സ്വന്തമായി എടുക്കേണ്ടി വരുന്നത്. കാലങ്ങളായി നിലനിൽക്കുന്ന 25000 രൂപയിൽ നിന്നും മിനിമം 40000 രൂപ ആയിട്ടെങ്കിലും ഉയർത്തണമെന്ന് പ്രമേയത്തിലൂടെ ആവിശ്യപെടുന്നു. |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)
(അധ്യക്ഷൻ)

| | |
|---|---|
| | **മറുപടി/റിമാർക്സ് (7):** പി.ജി. റിസർച്ച് ഗ്രാന്റ് വർധനവുമായി ബന്ധപ്പെട്ട് പ്രമേയത്തിലൂടെ ഉന്നയിച്ചിരിക്കുന്ന ആവശ്യം പരിശോധിച്ചതിൽ നിന്നും, വിദ്യാർത്ഥികൾ ഉന്നയിച്ചിരിക്കുന്ന ആവശ്യം വളരെ ന്യായമാണെന്ന് വിലയിരുത്തുന്നു. നിലവിൽ പി.ജി. വിദ്യാർത്ഥികൾക്ക് റിസർച്ച് ഗ്രാൻറായി 25,000 രൂപ സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിൻ്റെ അടിസ്ഥാനത്തിലാണ് അനുവദിച്ചു വരുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി പ്ലാൻ ഫണ്ടിന്റെ ലഭ്യതയിൽഗണ്യമായ കുറവ് സംഭവിച്ചിട്ടുള്ളതിനാൽ സർവകലാശാല ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ടി സാഹചര്യത്തിൽ, നിലവിൽ റിസർച്ച് ഗ്രാന്റ് തുക വർധിപ്പിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പ്ലാൻ ഫണ്ട് കാലോചിതമായി വർധിക്കുന്ന മുറയ്ക്ക്, പി.ജി. വിദ്യാർത്ഥികളുടെ റിസർച്ച് ഗ്രാന്റ് തുക വർധിപ്പിക്കുന്ന കാര്യം സർവകലാശാല പരിഗണിക്കാവുന്നതാണ്<br><br>**തീരുമാനം:** 2025 അഡ്മിഷൻ മുതൽ പിജി റിസർച്ച് ഗ്രാന്റ് 10000 രൂപ വർധിപ്പിച്ച് 35,000 രൂപയാക്കുന്നതിനും, പി എച്ച് ഡി ഗ്രാന്റ് 25000 രൂപ വർധിപ്പിച്ച് 75000 രൂപ ആക്കുന്നതിനും തീരുമാനിച്ചു.<br><br>*നടപടി: ഡി എ ആർ /ഫിനാൻസ് ഓഫീസർ (അറിവിലേക്കായി)* |

രജിസ്ട്രാർ, അധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 4.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്**
**(അധ്യക്ഷൻ)**
*(08/04/2025 തീയതിയിൽ അംഗീകരിച്ചു)*

KERALA VETERINARY & ANIMAL SCIENCES UNIVERSITY POOKODE, LAKKIDI P.O, WAYANAD